ഇ2(1)9372/04 വോള്യം-2

തൃശ്ശൂർ നഗരസഭ,
വൈദ്യുതി വിഭാഗം,
തീയതി : 05.12.2024

## ദർഘാസ്

പരാമർശം: തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഭരണസമിതി തീരുമാനം നം.106/7.11.2024

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം ബില്ലിംഗ് വിഭാഗത്തിലേയ്ക്ക് 8 സ്പോട്ട് ബില്ലർ / മീറ്റർ റീഡർമാരായി ഒരു റീഡിംഗിന് 5 രൂപ 81 പൈസ + ജി.എസ്.ടി. നിരക്കിലാണ് പ്രതിഫലം നിശ്ചയിച്ചിരിക്കുന്നത്. ടി നിരക്കിൽ സേവനം അനുഷ്ഠിക്കുവാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിന് പ്രാപ്തിയുള്ള കരാറുകാരിൽ നിന്നും ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ** :

1. ദർഘാസിൽ രേഖപ്പെടുത്തുന്ന നിരക്കുകളിൽ കരാർ കാലാവധിയിൽ ഭേദഗതി അനുവദിക്കുന്നതല്ല.
2. നിശ്ചിതമാതൃകയിലുള്ള ദർഘാസ് പുസ്തകത്തിൽ നിരക്കുകൾ നിരക്കുകൾ രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
3. ദർഘാസിൽ രേഖപ്പെടുത്തിയ നിരക്ക് ജി.എസ്.ടി. ഉൾപ്പെടെയുള്ളതായി കണക്കാക്കുന്നതാണ്.
4. കരാറുകാരന് ജി.എസ്.ടി., തൊഴിൽ വകുപ്പ് അനുശാസിക്കുന്ന രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.
5. ഉദ്യോഗാർത്ഥികൾ കുറഞ്ഞത് 50% മാർക്കോടെ ഐ.ടി.ഐ. ഇലക്ട്രിക്കൽ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.
6. റീഡിംഗിന് നിശ്ചിയിക്കപ്പെട്ട വേതനം കൂടാതെ യാതൊരുവിധ അധിക സാമ്പത്തിക ആനുകൂല്യങ്ങൾക്കും തുടർ നിയമനങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.
7. ദർഘാസുകൾ 21.12.2024 അപരാഹ്നം 2 മണിയ്ക്ക് മുൻപായി വൈദ്യുതി വിഭാഗം കാര്യാലയത്തിൽ ലഭിച്ചിരിക്കേണ്ടതാണ്.
8. മുദ്രവച്ച ദർഘാസ് കവറിന് പുറത്ത് "സ്പോട്ട് ബില്ലർ/മീറ്റർ റീഡർ ജീവനക്കാരെ ലഭ്യമാക്കുന്നതിനുള്ള ദർഘാസ്" എന്ന് രേഖപ്പെടുത്തിയിരിക്കണം.
9. ദർഘാസുകൾ നിരസിക്കുന്നതിനും ദർഘാസ് നടപടികൾ മാറ്റിവെക്കുന്നതിനും വിജ്ഞാപനം നടത്തുന്ന ഉദ്യോഗസ്ഥന് വിവേചനാധികാരം ഉണ്ടായിരിക്കുന്നതാണ്.
10. തിരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ ലഭ്യമാക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്.

11. കരാറുകാരൻ ദർഘാസ് വിജ്ഞാപനം നടത്തുന്ന ഉദ്യോഗസ്ഥൻ നിർദേശിക്കുന്ന മാതൃകയിൽ ഇത് സംബന്ധിച്ച് ഒരു ഉടമ്പടി സമർപ്പിക്കേണ്ടതാണ്.
12. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയത്ത് കാര്യാലയത്തിൽ ലഭ്യമാണ്.
13. കൂടാതെ താഴെ ചേർത്തിരിക്കുന്ന വെബ് സൈറ്റിൽ ദർഘാസ് സംബന്ധമായ വിവരങ്ങൾ ലഭ്യമാണ്.
14. പ്രധാനപ്പെട്ട തീയതികളും സമയവും താഴെ ചേർത്തിട്ടുള്ളതാണ്.
15. തിരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികൾ അസിസ്റ്റന്റ് എഞ്ചിനീയർ/ സീനിയർ സൂപ്രണ്ട് (ബില്ലിംഗ്) എന്നിവരുടെ മേൽനോട്ടത്തിനും, നിയന്ത്രണാധികാരത്തിനും നിർദേശത്തിനും കൃത്യനിർവഹണം ചെയ്യുവാൻ ബാധ്യസ്ഥരായിരിക്കും.

Website : www.tced.in
Sale of Tender form Closes at : 21.12.2024 on 12.P.M
Closure of Tender at : 21.12.2024 on 2.P.M
Opening of Tender at 21.12.2024 on 4.P.M
Cost of Tender Form – Rs.400 +48 (GST)

(ഒപ്പ്)
എൻ.കെ.കൃഷ്ണകുമാർ
അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ് : നോട്ടീസ് ബോർഡ്